(ബി) ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. ആയതിനുവേണ്ട പെൻസ്റോക്ക് പൈപ്പ് അണക്കെട്ടിൽ സ്ഥാപിക്കാൻ നടപടികൾ എടുത്തുകഴിഞ്ഞു.

(സി) അണക്കെട്ടിന്റെ സബ്മെർജിബിൾ ഏരിയായിൽനിന്നും 277 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരുമെന്ന് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) പുനഃരധിവാസപ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

(iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പഞ്ചായത്തു റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം

1311 [2096] ശ്രീ. എം. കെ. കൃഷ്ണൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള ഏതൊക്കെ പഞ്ചായത്തു റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതൊക്കെ റോഡുകൾ ഏറ്റെടുക്കാൻ നടപടി എടുത്തു;

(സി) ബാക്കിയുള്ളവ ഏറ്റെടുക്കാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്ന റോഡുകൾ പൊതുമരാമത്തു വകുപ്പിലേക്ക് ഏറ്റെടുക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. മറ്റു ചില റോഡുകൾ സംബന്ധിച്ച് ബഡ്ജറ്റ് നിർദ്ദേശങ്ങളുമുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്ന ലിസ്റ്റിൽ 1 മുതൽ 11 വരെയുള്ള റോഡുകൾ. ഇവയിൽ ക്രമനമ്പർ 1, 2, 8 എന്നീ റോഡുകൾ ഏറ്റെടുത്ത് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു.*

(സി) റോഡുകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടാത്തതാണ് പ്രധാന കാരണം.

പി. ഡബ്ലിയു. ഡി. എൻ. എം. ആർ. കാരുടെ സേവന വേതന വ്യവസ്ഥ

1312 [2097] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) പി.ഡബ്ലിയു.ഡി.എൻ.എം.ആർ. കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനു നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാം;

(സി) ഇതിലെ ഏതെങ്കിലും ശുപാർശ നടപ്പാക്കിയോ?

ഉത്തരം

(എ) എൻ.എം.ആർ. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ക്രോഡീകരിക്കുന്നതിനും അപാകതകളുണ്ടെങ്കിൽ പരിഹരിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് കമ്മിറ്റിയെ നിയോഗിച്ചത്. റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്.

(ബി, സി) എൻ.എം.ആർ. ജീവനക്കാരെ 'വർക്കർ' എന്നു നാമകരണം ചെയ്യുക, റിട്ടയർമെൻറിനുള്ള പ്രായപരിധി ഉയർത്തുക, ഓവർടൈം ജോലിക്കു ശമ്പളം നൽകുക, നിയന്ത്രിത അവധികൾ പുനഃസ്ഥാപിക്കുക, കാഷ്വൽ ലീവ് അരദിവസത്തിനും അനുവദിക്കുക, സ്പെഷ്യൽ കാഷ്വൽലീവനുവദിക്കുക, മെഡിക്കൽ റീഇംബേഴ്സ്മെൻറ് ആനുകൂല്യമോ ഇ.എസ്.ഐ. ആനുകൂല്യമോ അനുവദിക്കുക, അവകാശ അവധി സറണ്ടർ ചെയ്യാൻ അനുവദിക്കുക, മിനിമം പെൻഷൻ അനുവദിക്കുക, ഫാമിലി ബെനിഫിറ്റ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുക, മസ്റ്ററോൾ സിസ്റ്റം അവസാനിപ്പിച്ച് അറൻറൻസ് രജിസ്റ്റർ വയ്ക്കുക, യൂണിഫാറം പരിഷ്കരിക്കുക, സ്കിൽഡ് ജോലികൾ ചെയ്യുന്ന എൻ. എം. ആർ. ജോലിക്കാരെ ആ ജോലികൾക്കുള്ള ശമ്പളം നൽകുകയോ സ്ഥിരം എസ്റ്റാബ്ലിഷ്മെൻറിൽ നിയമിക്കുകയോ ചെയ്യുക, എൻ.എം.ആർ. ജോലിക്കാരെ നിയമിക്കരുതെന്ന നിരോധനം നീക്കി, ഡിപ്പാർട്ടുമെൻറിൽ ജോലി ചെയ്തു പരിശീലനമുള്ളവരെ നിയമിക്കുക തുടങ്ങിയവയാണ് നിർദ്ദേശങ്ങൾ.

പല നിർദ്ദേശങ്ങളും ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവയെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ഇരുവഴിഞ്ഞിപ്പുഴയ്ക്ക് പാലം നിർമ്മിക്കാൻ നടപടി

1813 [2098] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ, പണിക്കോടു റോഡിൽ ഇരുവഴിഞ്ഞിപ്പുഴക്ക് എടവഴിക്കടവിൽ ഒരു പാലം നിർമ്മിക്കാൻ നടപടികളെടുക്കുമോ;

(ബി) എടവഴിക്കടവു പാലത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്?

ഉത്തരം

(എ) നടപടികളെടുത്തിട്ടുണ്ട്. അലൈൻമെൻറ് പ്ലാൻ ചീഫ് എൻജിനീയർ അംഗീകരിച്ചിട്ടുണ്ട്.

(ബി) 1973 ഏപ്രിൽ മാസത്തിൽ ഈ പാലത്തിൻറെ ഇൻവെസ്റ്റിഗേഷൻ തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly